# 36 റാങ്കുകൾ സ്വന്തമാക്കി ഭാരതമാതാ

കൊച്ചി: കഴിഞ്ഞ അധ്യയനവർഷം എംജി യൂണിവേഴ്സിറ്റിയുടെ 36 റാങ്കുകൾ സ്വന്തമാക്കി തൃക്കാക്കര ഭാരതമാത കോളജിലെ വിദ്യാർഥികൾ.

ബിരുദതലത്തിൽ 24 റാങ്കുകളും ബിരുദാനന്തര ബിരുദതലത്തിൽ 12 റാങ്കുകളും നേടി ഭാരതമാതാ റാങ്കുകളുടെ എണ്ണത്തിൽ സർവകലാശാലാതലത്തിൽ അഞ്ചാംസ്ഥാനത്തെത്തി. പ്രശസ്ത വിജയം നേടിയ കുട്ടികളെയും അവരുടെ രക്ഷകർത്താക്കളെയും ആദരിക്കാൻ സംഘടിപ്പിച്ച ചടങ്ങ് മാനേജർ റവ. ഡോ. ഏബ്രഹാം ഓലിയപ്പുറം യോഗം ഉദ്ഘാടനം ചെയ്തു. റാങ്കുജേതാക്കൾക്ക് മെമന്റോയും കാഷ് അവാർഡും അദ്ദേഹം സമ്മാനിച്ചു.

ഫാ. ജിമ്മിച്ചൻ കർത്താനം, പ്രിൻസിപ്പൽ ഡോ. കെ.എം. ജോൺസൺ, വൈസ് പ്രിൻസിപ്പൽ ഡോ. ലിസി കാച്ചപ്പിള്ളി, ബിനി റോസ് എന്നിവർ പ്രസംഗിച്ചു. എൻഐആർഎഫ് റാങ്കിംഗിൽ 153 സ്ഥാനവും, ദിവീക്ക് ഹൻസ സർവേയിൽ ദേശീയതലത്തിൽ സയൻസിന് 49, ആർട്സിന് 53, കൊമേഴ്സിന് 59 സ്ഥാനങ്ങളും സംസ്ഥാനതലത്തിൽ സയൻസ്, ആർട്സ്, കൊമേഴ്സ് എന്നിവയ്ക്ക് രണ്ടാംസ്ഥാനവും ഭാരതമാതാ കോളജ് സ്വന്തമാക്കിയതും ഇക്കാലയളവിലെ അഭിമാന നേട്ടങ്ങളാണ്.



എംജി യൂണിവേഴ്സിറ്റിയുടെ ബിരുദ, ബിരുദാനന്തര ബിരുദ പരീക്ഷകളിൽ റാങ്ക് നേടിയ തൃക്കാക്കര ഭാരതമാതാ കോളജിലെ വിദ്യാർഥികളെ ആദരിച്ചപ്പോൾ.

ദീപിക 16/6/23